12801
21/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഇടക്കര സാബുവിന്റെ മക്കളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തിയും സാബുവിന്റെ ഭാര്യയ്ക്ക് വിധവാ പെൻഷനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്)നം.91/2014/സാനീവ തീയതി, തിരുവനന്തപുരം, 15.11.2014

---

## ഉത്തരവ്

കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കണ്ണൂർ ജില്ല, ഇരിക്കൂർ, നടുവിൽ പഞ്ചായത്ത്, പാത്തൻ പാറയിൽ ഇടക്കര സാബുവിന്റെ മക്കളായ മംഗലാപുരത്ത് യൂണിറ്റി അക്കാഡമി ഓഫ് എഡ്യൂക്കേഷൻ ഫോർ നേഴ്സിംഗിൽ ഒന്നാം വർഷ വിദ്യാർത്ഥിനിയായ വിസ്മയ സാബു, വായാട്ടുപറമ്പ് സെന്റ് ജോസഫ് ഹൈസ്കൂൾ 9-ാം ക്ലാസ് വിദ്യാർത്ഥിനിയായ വീനസ് സാബു, പാത്തൻപാറ നിർമ്മല സ്കൂൾ വിദ്യാർത്ഥിയായ വിവേക് സാബു എന്നിവരെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി ബിരുദ പഠനം വരെയുള്ള വിദ്യാഭ്യാസ ചെലവ് നല്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ സാബുവിന്റെ ഭാര്യയ്ക്ക് വിധവാ പെൻഷനും അനുവദിച്ച് ഉത്തരവാകുന്നു. എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ, ജില്ലാ കളക്ടർ, കണ്ണൂർ എന്നിവർ ഇതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സി. ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
വിസ്മയ സാബു/വീനസ് സാബു/ വിവേക് സാബു, പാത്തൻപ്പാറ,
നടുവിൽ പഞ്ചായത്ത്, ഇരിക്കൂർ, കണ്ണൂർ ജില്ല.
പൊതുഭരണ(എസ്.സി) വകുപ്പ് (5.11.14ലെ 5973 മന്ത്രിസഭാ യോഗ തീരുമാനം)
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ